# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 07 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 8) ഓറഞ്ച് അലർട്ട്; നാളെ (ആഗസ്റ്റ് 9) യെല്ലോ അലർട്ട്

ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 8) ഓറഞ്ച് അലർട്ട്. ഈ സാഹചര്യത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായതോ (115 മി.മീ വരെ മഴ) അതിശക്തമായതോ (115 മി.മീ മുതൽ 204.5 മി.മീ. വരെ മഴ) ആയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും ജാഗ്രത പാലിക്കുവാനുള്ള മുന്നറിയിപ്പാണ് ഓറഞ്ച് അലേർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. നാളെ (ആഗസ്റ്റ് 09) തൃശൂർ ജില്ലയിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചതായി കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടും ഉദ്യോഗസ്ഥരോടും തയ്യാറെടുപ്പുകൾ നടത്താനും താലൂക്ക് തലത്തിൽ കൺട്രോൾ റൂമുകൾ ആരംഭിക്കുവാനുമുള്ള നിർദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും നൽകിയിട്ടുണ്ട്.

**അലർട്ട്: പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

ഓറഞ്ച്, മഞ്ഞ അലെർട്ടുകൾ പ്രഖ്യാപിച്ച ജില്ലകളിൽ പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരും 2018 ലെ പ്രളയത്തിൽ വെള്ളം കയറിയ പ്രദേശങ്ങളിൽ താമസിക്കുന്നവരും അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രധാനപ്പെട്ട രേഖകളും വിലപ്പെട്ട വസ്തുക്കളും ഉൾപ്പെടുന്ന ഒരു എമെർജൻസി കിറ്റ് തയ്യാറാക്കി വെക്കുകയും മാറി താമസിക്കേണ്ട സാഹചര്യം വരികയാണെങ്കിൽ അധികൃതർ നിർദേശിക്കുന്ന സുരക്ഷിത സ്ഥാനത്തേക്ക് മാറിത്താമസിക്കാൻ തയ്യാറാവുകയും വേണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

**അലർട്ട്: പ്രഖ്യാപിച്ച ദിവസങ്ങളിൽ പാലിക്കേണ്ട പൊതുനിർദേശങ്ങൾ**

ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (രാത്രി 7-രാവിലെ 7) മലയോരമേഖലയിലേക്കുള്ള യാത്ര ഒഴിവാക്കുക. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാനൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനങ്ങൾ നിർത്തരുത്.

മലയോര മേഖലയിലും ബീച്ചുകളിലും വിനോദ സഞ്ചാരത്തിന് പോകാതിരിക്കുക. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വിവരങ്ങൾ ഒരു കാരണവശാലും പ്രചരിപ്പിക്കരുത്. ഒരു കാരണവശാലും നദി മുറിച്ചു കടക്കരുത്. പാലങ്ങളിലും, നദിക്കരയിലും മറ്റും കയറി സെൽഫി എടുക്കൽ ഒഴിവാക്കുക. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും മഴയത്ത് ഇറങ്ങാതിരിക്കണം. പ്രത്യേകിച്ച് കുട്ടികൾ ഇറങ്ങുന്നില്ല എന്ന് മുതിർന്നവർ ഉറപ്പുവരുത്തണം. നദിയിൽ കുളിക്കുന്നതും, തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കുക. ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളെല്ലാം വീട്ടിൽ എല്ലാവരോടും പറയുക. അടിയന്തിര സാഹചര്യത്തിൽ നിങ്ങൾ പുറത്താണെങ്കിൽ നിങ്ങളെ കാത്തുനിൽക്കേണ്ടതില്ല എന്ന് വീട്ടിലുള്ളവർക്ക് നിർദേശം നല്കുക. ടിവിയിലും റേഡിയോയിലും വരുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക. മുന്നറിയിപ്പിൽ മാറ്റം വരാനുള്ള സാധ്യതയുണ്ടെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

# കാലവർഷം: ആറ് വീടുകൾക്ക് നാശനഷ്ടം; വീട് തകർന്ന് ഒരാൾക്ക് പരിക്ക്

കാലവർഷം കനത്തതോടെ കഴിഞ്ഞ ദിവസം ജില്ലയിൽ ആറു വീടുകൾക്ക് നാശനഷ്ടം ഒരാൾക്ക് പരിക്കേറ്റു. മുകുന്ദപുരം താലൂക്കിൽ ചെങ്ങാലൂർ വില്ലേജിൽ എസ് എൻ പുരം ചുള്ളിപ്പറമ്പിൽ ജയതിലകന്റെ ഓടിട്ട വീട് പൂർണമായും തകർന്നു. 2.5 ലക്ഷം രൂപ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. ചാലക്കുടി വെള്ളിക്കുളങ്ങര വില്ലേജിൽ ചൊക്കന ഓട്ടുപാറകാരൻ അബ്ദുറഹ്മാന്റ ഓടിട്ട വീട് തകർന്നാണ് മകൻ മുഹമ്മദാലി(40) ക്ക് പരിക്കേറ്റത്. തലപ്പിള്ളി താലൂക്കിൽ വെങ്ങാനെല്ലൂർ കുണ്ടുകടവിൽ ലക്ഷ്മിക്കുട്ടിയമ്മ, പുല്ലൂർ വില്ലേജിൽ രാമചന്ദ്രൻ എന്നിവരുടെ വീടുകളും ഭാഗികമായി തകർന്നു. ചാലക്കുടി താലൂക്കിൽ പള്ളിയുടെ മേൽക്കൂര മേഞ്ഞ ഷീറ്റ് കാറ്റിൽ പറന്ന് രണ്ടു വീടുകൾക്കു കേടുപാടുകൾ സംഭവിച്ചു. കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിൽ രണ്ടു ദുരിതാശ്വാസ ക്യാമ്പുകളിലായി അഞ്ചു കുടുംബങ്ങളിലെ 16 പേർ താമസിക്കുന്നുണ്ട്.

# കർഷകർക്ക് വിള ഇൻഷൂറൻസ്: നടപടി വേഗത്തിലാക്കുമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ

പ്രളയത്തിൽ വിളനാശം സംഭവിച്ച നടത്തറ കൃഷിഭവൻ പരിധിയിലെ കർഷകർക്കുള്ള വിള ഇൻഷൂറൻസ് ധനസഹായ നടപടി വേഗത്തിലാക്കുമെന്ന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. കർഷകർക്ക് വിള ഇൻഷൂറൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് അനുവദിക്കപ്പെട്ട ഫണ്ട് ക്യൂ ബില്ലിലേക്ക് മാറിയതാണ് സഹായധനം കർഷകരിലേക്കെത്താൻ കാലതാമസം നേരിട്ടത്. കർഷകരുടെ പരാതിയെ തുടർന്ന് തിരുവനന്തപുരത്തുള്ള കൃഷി ഡയറക്ടറേറ്റിലേക്ക് വിവരം ധരിപ്പിച്ചതായും പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

നടത്തറ കൃഷിഭവൻ പരിധിയിൽ പ്രളയാനന്തര വിള ഇൻഷ്വൂറൻസ് ധനസഹായമായി 6,89,100 രൂപയാണ് കർഷകർക്കു ലഭിക്കേണ്ടത്. എന്നാൽ ഇൻഷൂറൻസ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിനായി കർഷകർ നൽകിയ അപേക്ഷകളിൽ വന്ന തെറ്റുകൾ തിരുത്തി നൽകുന്നതിലെ നടപടികളും ധനസഹായം വൈകുന്നതിന് ഇടയാക്കിയെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ വ്യക്തമാക്കി.

നടത്തറ പഞ്ചായത്തിലെ വലക്കാവ് മേഖലയിലെ പച്ചക്കറി കർഷകർക്കാണ് പ്രളയത്തിൽ ഏറെ നാശനഷ്ടം സംഭവിച്ചത്. വലക്കാവ്, ചൂലും കുന്ന്, കുരിശുമൂല, ആശാരിക്കാട്, മുരിക്കും കുണ്ട്, ചേരുംകുഴി, വട്ടപ്പാറ, താളിക്കുണ്ട് ക്ലസ്റ്ററുകളിലായി 40 ഹെക്ടറിലാണ് പച്ചക്കറി കൃഷിയിറക്കിയത്. ഇതെല്ലാം പ്രളയത്തിൽ പൂർണമായി നശിച്ചിരുന്നു. എന്നാൽ ക്ലസ്റ്റർ ഒന്നിന് 1250 രൂപയാണ് പച്ചക്കറി കർഷകർ പ്രീമിയമായി അടച്ചിട്ടുള്ളത്.

പ്രീമിയം തുക അടച്ചിട്ടുള്ള ഞാറക്കൂറ, മൂർക്കനിക്കര പാടശേഖരങ്ങളിലായി 40 ഏക്കറിൽ വിരിപ്പൂ കൃഷി ഇറക്കിയ കർഷകർക്കും പ്രദേശങ്ങളിലെ നേന്ത്രവാഴ കർഷകർക്കും സഹായം ലഭിക്കേണ്ടതുണ്ട്. ഇവർക്ക് ധനസഹായം ലഭിക്കുന്നതിനായി വന്നിട്ടുള്ള അപേക്ഷകൾ എത്രയും പെട്ടെന്ന് പരിഗണിക്കുമെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

# പൊരിങ്ങൽക്കുത്ത്: ജാഗ്രത വേണം

ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 8) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ പൊരി ങ്ങൽക്കുത്ത് ഡാമിലേക്ക് ഒഴുകിയെത്തുന്ന അധികജലം തുറന്നുവിടുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. ജലനിരപ്പ് 419.41 മീറ്ററിൽ നിലനിർത്തുന്നതിന്റെ ഭാഗമായാണിത്. നീരൊ ഴുക്ക് കൂടുതലായാൽ അണക്കെട്ടിന്റെ സ്ലൂയിസ് വാൽവ് തുറക്കാനും സാധ്യതയുണ്ട്. ചെളിവെള്ളം കൂടുതലായി പുഴയിലേക്ക് ഒഴുകിയെത്താൻ ഇതിനിടയാകും. ഈ സാഹചര്യത്തിൽ ചാലക്കുടി പുഴയുടെ സമീപം താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

# എൽപിജി ഓപ്പൺഫോറം 14 ന്

എൽപിജി ഓപ്പൺഫോറം ആഗസ്റ്റ് 14 വൈകീട്ട് മൂന്നിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ഗ്യാസ് കണക്ഷൻ, വിതരണം, ബുക്കിങ്, ലീക്കേജ് തുടങ്ങി ഗ്യാസ് ഏജൻസിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുളള പരാതി രണ്ട് പകർപ്പ് സഹിതം ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ നൽകണം. ഫോൺ: 0487-2360046.

# ഇ-ടെണ്ടർ

മൃഗസംരക്ഷണ വകുപ്പ് മുഖേന തൃശൂർ ജില്ലയിൽ നടപ്പിലാക്കുന്ന വന്ധ്യതാനിവാരണ പദ്ധതി നടത്തിപ്പിനാവശ്യമായ മരുന്നുകൾ, ഉപയോഗവസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ www.etenders.kerala.gov.in ൽ നിന്ന് അറിയാം. ഫോൺ: 0487-2361216.

# മേത്തല മിനി സിവിൽ സ്റ്റേഷൻ നിർമ്മാണോദ്ഘാടനം ഇന്ന് (ആഗസ്റ്റ് 8)

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മേത്തലയിൽ മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാകുന്നു. മേത്തല തിരുവഞ്ചിക്കുളം ക്ഷേത്രം ശിവപാർവതി മണ്ഡപത്തിൽ ഇന്ന് (ആഗസ്റ്റ് 8) രാവിലെ 11.30 ന് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ മിനി സിവിൽ സ്റ്റേഷന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിക്കും. കൊടുങ്ങല്ലൂർ-കോട്ടപ്പുറം റോഡിൽ കീത്തോളി ജംഗ്ഷനിൽ റവന്യൂവകുപ്പിന്റെ 20 സെന്റ് സ്ഥലത്ത് 2.67 കോടി രൂപ ചെലവഴിച്ച് 11,500 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ രണ്ട് നിലകളിലായാണ് കെട്ടിടം നിർമ്മിക്കുന്നത്.

നിലവിൽ സ്ഥലസൗകര്യമില്ലാത്ത സർക്കാർ കെട്ടിടങ്ങൾ ഒരു കുടക്കീഴിൽ ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വില്ലേജ് ഓഫീസ്, എ. ഇ ഓഫീസ്, കൃഷിഭവൻ, എ.ഇ ഓഫീസ് എന്നീ നാല് സർക്കാർ ഓഫീസുകളാണ് മിനിസിവിൽസ്റ്റേഷനിൽ ഒരുമിച്ച് പ്രവർത്തിക്കുക. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന സ്റ്റേഷൻ 18 മാസം കൊണ്ട് നിർമാണം പൂർത്തിയാകും. അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ.ആർ. ജൈത്രൻ മുഖ്യാതിഥിയാകും. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ എ. മുഹമ്മദ് റിപ്പോർട്ട് അവതരിപ്പിക്കും. നഗരസഭ വൈസ് ചെയർമാൻ ഹണി പീതാംബരൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ കെ.എസ്. കൈസാബ്, പി.എൻ. രാമദാസ്, ശോഭ ജോഷി, സി.കെ. രാമനാഥൻ, തങ്കമണി സുബ്രഹ്മണ്യൻ, തഹസിൽദാർ കെ. രേവ, വാർഡ് കൗൺസിലർമാർ എന്നിവർ പങ്കെടുക്കും. തൃശൂർ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് റജി. പി. ജോസഫ് സ്വാഗതവും കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമാല. വി.കെ നന്ദിയും പറയും.

# റോഡിന്റെയും കൾവർട്ട് റാമ്പിന്റെയും ഉദ്ഘാടനം ആഗസ്റ്റ് 11 ന്

ജില്ലാപഞ്ചായത്ത് 10 ലക്ഷം രൂപ ചെലവിട്ട് പൂർത്തീകരിച്ച കടവല്ലൂർ പഞ്ചായത്തിലെ പള്ളിക്കുളം-കാരാമൽ റോഡിന്റെയും കൾവർട്ട് റാമ്പിന്റെയും ഉദ്ഘാടനം ആഗസ്റ്റ് 11 രാവിലെ 11. 30 ന് രമ്യ ഹരിദാസ് എംപി നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കും.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി ഉപഹാര സമർപ്പണം നടത്തും. കടവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു പി ശോഭന, ജില്ലാ പഞ്ചായത്തംഗം കെ. ജയശങ്കർ, കടവല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ ഇ സുധീർ, ബ്ലോക്ക് പഞ്ചായത്തംഗം പി കെ ദേവദാസ്, പഞ്ചായത്തംഗം ബിനി സുഭാഷ് എന്നിവർ പങ്കെടുക്കും.

# ബിരുദാനന്തര ബിരുദ പ്രവേശനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിന്റെ കീഴിൽ കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത മുതുവള്ളൂർ അപ്ലൈഡ് സയൻസ് കോളേജിൽ 2019-20 അദ്ധ്യയനവർഷത്തിൽ എം.കോം (ഫിനാൻസ്) ബിരുദാനന്തര ബിരുദ കോഴ്സിന് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഐഎച്ച്ആർഡിയുടെ വെബ്സൈറ്റിൽ www.ihrd.ac.in. ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ കോളേജിൽ നിന്ന് ലഭ്യമാണ്. ഫോൺ: 0483-2713218.

# ഉമ നെൽവിത്ത് വിതരണം

കുന്നംകുളം നഗരസഭയിലെ ആർത്താറ്റ് കൃഷിഭവനിലെ ആർത്താറ്റ് ഫാർമിങ് സൊസൈറ്റിക്ക് കീഴിൽ 2019 -20 വർഷത്തിൽ മുണ്ടകൻ കൃഷിയിറക്കുന്ന കർഷകർക്ക് ഉമ നെൽവിത്ത് വിതരണം ചെയ്യും. ശനിയാഴ്ച (ഓഗസ്റ്റ് 10) പാടശേഖര സെക്രട്ടറിയുടെ വീട്ടിൽ വെച്ച് രാവിലെ ഒൻപത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയാണ് നെൽവിത്ത് വിതരണം. കൃഷി ഇൻഷുറൻസ് തുക ഏക്കറിന് 100 രൂപ അടക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 9961835221.

# ഒആർസി ത്രിദിന കോർ ടീം പരിശീലനം ആരംഭിച്ചു

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒആർസി) ത്രിദിന കോർ ടീം പരിശീലനം തൃശൂർ എലൈറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. വനിതാ-ശിശുവിക സന വകുപ്പും ജില്ലാ ശിശുസംരക്ഷണ യൂണിറ്റും സംയുക്തമായിട്ടാണ് സംഘടിപ്പിക്കുന്നത്.

ആഗസ്റ്റ് ഒൻപത് വരെയാണ് പരിശീലന നടക്കുക. രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും കുട്ടികളോടുള്ള കൂട്ടുത്തരവാദിത്വം ഉറപ്പാക്കിക്കൊണ്ട് കേരള സർക്കാർ നട പ്പിലാക്കി വരുന്ന പദ്ധതിയാണിത്. ജില്ലയിൽ 26 സ്കൂളുകളിൽ ഒആർസി പദ്ധതിയുടെ ഗുണം നിലവിൽ ലഭിക്കുന്നുണ്ട്. ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ മേൽനോട്ടത്തിലാണ് ജില്ലാതല പ്രവർത്തനങ്ങൾ നടക്കുന്നത്. സ്കൂൾതല പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുന്നത് കോർടീമിന്റെ നേതൃത്വത്തിലാണ്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാ ഗങ്ങളിലായി കോർടീം പ്രവർത്തിക്കുന്നു. ഒആർസി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറായ ജില്ലാ ആക്ഷൻ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ എല്ലാ വകുപ്പു തല മേധാവികളും ഇതിൽ അംഗങ്ങളാണ്. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള അഞ്ച് നോഡൽ ടീച്ചർമാർക്കും 26 കൗൺസിലർമാർക്കുമാണ് പരിശീലനം നൽകുന്നത്. കുട്ടികൾ നേരി ടുന്ന മാനസികാരോഗ്യ-പഠന-സാമൂഹ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കുക, ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് പരിഹാരാധിഷ്ഠിത വ്യക്തിഗത പരിച രണം ഉറപ്പുവരുത്തുക, വിദഗ്ധ പരിചരണത്തിനായി സമീപിക്കേണ്ട വിദഗ്ധർ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ എന്നിവയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക, ഒആർസി സ്കൂൾതല ഇടപെടലുകൾക്ക് നേതൃത്വം നൽകുന്നതിന് കോർടീം അംഗങ്ങളെ ശാക്തീകരിക്കുക എന്നിവ യാണ് പരിശീലനത്തിന്റെ ലക്ഷ്യം.

ഒആർസി ഡയറി ചൈൽഡ് വെൽഫയർ കമ്മിറ്റി ഡോ. കെ ജി വിശ്വനാഥൻ ജില്ലാ കള ക്ടർക്ക് കൈമാറി. ക്ഷേമകാര്യവികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ മഞ്ജു പി ജി, ജില്ലാ വനിതാ ശിശു വികസന ഓഫീസർ എസ് സുലക്ഷണ തുടങ്ങിയവർ പങ്കെടുത്തു. സയന്റിഫിക്ക് സെഷനിൽ വിവിധ വിഷയങ്ങളെ സംബ ന്ധിച്ച് വിദഗ്ധർ ക്ലാസ്സെടുത്തു.

# ‘വിമുക്തി’
# ബോധവൽക്കരണം സംഘടിപ്പിച്ചു

വിയ്യൂർ സെൻട്രൽ ജയിലിൽ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയായ വിമുക്തിയുടെ ബോധവത്കരണം സംഘടിപ്പിച്ചു. ജയിൽ ഡിജിപി ഋഷിരാജ് സിങ്ങിന്റെ പ്രത്യേക നിർദ്ദേശപ്രകാരം എല്ലാ ജയിലുകളിലും മാസം പ്രതി ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കും. ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള വ്യാപക ബോധ വൽക്കരണം, ലഹരിക്ക് അടിമപ്പെട്ടവരെ രക്ഷിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവ രലും പുനരധിവാസവും, ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ പദ്ധതികളുടെയും നിയമ ങ്ങളുടെയും ഫലപ്രദമായ നിർവഹണം, ജില്ലാ കേന്ദ്രങ്ങളിൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് വിമുക്തി മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ജില്ലാ എക്സൈസ് സർക്കിളിലെ ഇൻസ്പെക്ടർ വി രാജേഷ് ക്ലാസ്സെടുത്തു. ജയിൽ സൂപ്രണ്ട് നിർമ്മലാനന്ദൻ നായർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സ്കോളർഷിപ്പിന്
# അപേക്ഷിക്കാം

ഈ അദ്ധ്യയന വർഷം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ ചേർന്ന വിമുക്തഭടന്മാ രുടെ മക്കൾ, വിധവകൾ എന്നിവരിൽ നിന്നും പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. www.ksb.gov.in ലെ പിഎംഎസ്എസ് ലിങ്കിലൂടെ നവംബർ 15 നകം അപേ ക്ഷിക്കണം. കൂടുതൽ വിവരങ്ങൾ ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്ന് അറിയാം. ഫോൺ: 0487-2384037.

# മാലിന്യസംസ്ക്കരണ ശിൽപശാല സമാപിച്ചു

മാലിന്യസംസ്ക്കരണത്തിന്റെ നിയമവശങ്ങളെക്കുറിച്ചും സംസ്ക്കരണ രീതികളെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ദ്വിദിന ശിൽപശാല സമാപിച്ചു. വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016 ലെ നിയമങ്ങളെക്കുറിച്ച് മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്, ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചേയ്ഞ്ച് നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിലും തൃശൂർ കോർപ്പ റേഷനും സംയുക്തമായാണ് ശിൽപശാല സംഘടിപ്പിച്ചത്. പഞ്ചായത്ത്, നഗരസഭ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള 310 പ്രതിനിധികൾ പങ്കെടുത്തു. മാലിന്യ സംസ്ക്കരണത്തിന്റെ നിയമ വശങ്ങളെക്കുറിച്ചും സംസ്ക്കരണ രീതികളെക്കുറിച്ചും പരിശീലകർ ക്ലാസ്സെടുത്തു. കോർപ്പറേഷൻ ഇ-വേസ്റ്റ് മാനേജ്മെന്റ്, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്, ഹസാർഡ് ആൻഡ് അദർ വേസ്റ്റ് മാനേ ജ്മെന്റ് ട്രാൻസ്ബൗണ്ടറി മൂവ്മെന്റ് എന്നീ ചട്ടങ്ങളെ സംബന്ധിച്ച ബോധവൽക്കരണം നടന്നു.

തൃശൂർ കോർപ്പറേഷൻ സെക്രട്ടറി അനൂജ എ എസ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം എൽ റോസി, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ബാബു, നികുതി അപ്പീൽ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി സുകുമാരൻ, കൗൺസി ലർമാർ, കോർപ്പറേഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# പകർച്ച വ്യാധികൾക്കെതിരെ ജാഗ്രത:
# ജില്ലാ മെഡിക്കൽ ഓഫീസർ

മഴയും വെയിലും ഇടവിട്ടു നിൽക്കുന്ന പ്രത്യേക കാലാവസ്ഥയിൽ പകർച്ചവ്യാധികൾ പിടിപെടാനുള്ള സാധ്യതയുള്ളതിനാൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. തുടർച്ചയായി പെയ്ത മഴയിൽ കുടിവെള്ള സ്രോതസ്സുകളും പരിസരവും മലിനമാകുവാൻ സാധ്യത കൂടുതലുള്ളതിനാൽ വയറിളക്കരോഗങ്ങൾ, എലിപ്പനി എന്നിവക്കെതിരെ പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കണം. രോഗാണുക്കളാൽ മലിനമാക്കപ്പെട്ട ജലത്തിലൂടെയും ആഹാരത്തിലൂടെയുമാണ് വയറിളക്ക രോഗങ്ങൾ പകരുന്നത്. വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിക്കുന്നതിലൂടെ വയറിളക്കരോഗങ്ങൾ തടയാൻ കഴിയും. നന്നായി തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ. പച്ചവെള്ളവും, തിളപ്പിച്ച വെള്ളവും കൂട്ടിച്ചേർത്തു ഉപയോഗിക്കരുത്.

ആഹാരം കഴിക്കുന്നതിനു മുൻപും ശൗചാലയം ഉപയോഗിച്ചതിന് ശേഷവും സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയായി കഴുകണം. സാലഡുകൾ തയ്യാറാക്കുവാൻ ഉപയോഗിക്കുന്ന പച്ചക്കറികൾ ശുദ്ധജലത്തിൽ നന്നായി കഴുകിയതിനു ശേഷം മാത്രം ഉപയോഗിക്കുക. ആഹാരസാധനങ്ങളും മറ്റും ഈച്ച കയറാതെ അടച്ചു സൂക്ഷിക്കണം. ഹോട്ടലുകളും, ആഹാരം കൈകാര്യം ചെയ്യുന്ന മറ്റു സ്ഥാപനങ്ങളും ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കിണറുകളിൽ ക്ലോറിനേഷൻ നടത്തണം. വയറിളക്കം പിടിപെട്ടാൽ ആരംഭത്തിൽ തന്നെ പാനീയ ചികിത്സ തുടങ്ങുന്നത് വഴി രോഗം ഗുരുതരമാകാതെ തടയാം. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻവെള്ളം, ഒആർഎസ് എന്നിവ ഇതിനായി ഉപയോഗിക്കാം.

എലിപ്പനി രോഗാണു വാഹകരായ ജീവികളുടെ മൂത്രം കലർന്ന ജലമോ മണ്ണോ മറ്റു വസ്തുക്കളുമായോ ഉള്ള സമ്പർക്കത്തിൽ കൂടിയാണ് എലിപ്പനി പകരുന്നത്. അതിനാൽ രോഗ പകർച്ചയ്ക്കു സാധ്യതയുള്ള സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ഓടകളിലും, തോടുകളിലും, വയലുകളിലും, കുളങ്ങളിലും ഇറങ്ങി ജോലി ചെയ്യുന്നവരിലാണ് ഈ രോഗം കൂടുതലായി കണ്ടു വരുന്നത്. ഇത്തരം തൊഴിലുകൾ ചെയ്യുന്നവർ ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം എലിപ്പനി രോഗത്തിനെതിരെ മുൻ കരുതൽ ചികിത്സ എന്ന നിലയിൽ ഡോക്സിസൈക്ലിൻ ഗുളിക കഴിക്കേണ്ടതാണ്. ഇത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ കട്ടി കൂടിയ റബ്ബർ കാലുറകൾ, കയ്യുറകൾ എന്നിവ ധരിക്കുന്നത് നല്ലതാണ്. കൈകാലുകളിൽ മുറിവുള്ളവർ മുറിവുകൾ ഉണങ്ങുന്നത് വരെ ഇത്തരം ജോലികൾ കഴിവതും ചെയ്യാതിരിക്കുന്നതാണ് ഉത്തമം. ജോലിക്ക് പോകുന്നതിനു മുൻപും ജോലി കഴിഞ്ഞു വന്നതിനു ശേഷവും മുറിവുകൾ ആന്റിസെപ്റ്റിക് ലേപനങ്ങൾ ഉപയോഗിച്ച് ഡ്രസ്സ് ചെയ്യണം.

വിറയലോടുകൂടിയ പനി, കഠിനമായ തലവേദന, ശരീരവേദന, കണ്ണിൽ ചുവപ്പ് , തൊലിപ്പുറത്ത് ചുവന്ന തടിപ്പ് എന്നിവയാണ് എലിപ്പനിയുടെ പ്രധാന രോഗലക്ഷണങ്ങൾ. എലിപ്പനി പിടിപെടുന്നവരിൽ മഞ്ഞപ്പിത്ത ലക്ഷണങ്ങളും ഉണ്ടാകാമെന്നതിനാൽ മഞ്ഞപ്പിത്തമാണെന്ന് തെറ്റിദ്ധരിക്കുവാനും സാദ്ധ്യതയുണ്ട്. ഇത്തരം രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ വിദഗ്ധ ചികിത്സ തേടണം. സ്വയംചികിത്സ യാതൊരു കാരണവശാലും പാടുള്ളതല്ല. ചികിത്സ തേടുന്നതിനുള്ള കാലതാമസം രോഗം ഗുരുതരമാകുവാനും മരണം വരെ സംഭവിക്കുവാനും ഇടയാക്കും.

മഴയെത്തുടർന്ന് കൊതുകുകളുടെ എണ്ണം കൂടുകയും രോഗം പടർന്നു പിടിക്കുവാനുള്ള സാഹചര്യങ്ങളും വർദ്ധിക്കുകയും ചെയ്യുന്നു. ശുദ്ധജലത്തിൽ വളരുന്ന ഈഡിസ് കൊതുകുകൾ വഴി പകരുന്ന രോഗമാണ് ഡെങ്കിപ്പനിയും ചിക്കുൻ ഗുനിയയും. പെട്ടെന്നുണ്ടാകുന്ന തീവ്രമായ പനി, കടുത്ത തലവേദന, കണ്ണുകൾക്ക് പിന്നിലും പേശികളിലും സന്ധികളിലും വേദന, നെഞ്ചിലും മുഖത്തും ചുവന്ന തടിപ്പുകൾ, ഓക്കാനവും ഛർദിയും എന്നിവയാണ് ഡെങ്കിപ്പനിയുടെ ആരംഭത്തിൽ കാണുന്ന ലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി ഉടൻ തന്നെ ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ തേടണം. രോഗം കുറഞ്ഞാലും രണ്ടാഴ്ചയോളം വിശ്രമിക്കുവാനും ധാരാളം വെള്ളം കുടിക്കാനും ശ്രദ്ധിക്കണം. ഡെങ്കി വൈറസ് രണ്ടാമതും ഒരാളിൽ പ്രവേശിച്ചാൽ രോഗം കൂടുതൽ ഗുരുതരമാകാനുള്ള സാധ്യത കൂടുതലാണ്. പെട്ടെന്നുണ്ടാകുന്ന പനി, ത്വക്കിലുണ്ടാകുന്ന പാടുകൾ, സന്ധി വേദന, കാലിൽ നീര് വന്നു വീർക്കുക, കണ്ണുകൾ ചുവന്നു തുടുക്കുക, നടു വേദന, തലവേദന എന്നിവയാണ് ചിക്കുൻ ഗുനിയയുടെ പ്രധാന ലക്ഷണങ്ങൾ. ഈഡിസ് കൊതുകുകൾ പരത്തുന്ന മറ്റൊരു രോഗമാണ് സിക്ക. മന്ത്, ജാപ്പനീസ് എൻസഫലൈറ്റിസ്, വെസ്റ്റ് നൈൽ എന്നിവ പരത്തുന്നത് ക്യൂലക്സ് കൊതുകുകൾ ആണ്. അനോഫെലിസ് കൊതുകുകൾ പരത്തുന്ന രോഗമാണ് മലേറിയ.

കൊതുക് വളരുന്ന മലിനമായ സാഹചര്യങ്ങൾ ഒഴിവാക്കുക, ചിരട്ടകൾ, കുപ്പികൾ, ടയറുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവയിൽ വെള്ളം കെട്ടിനിൽക്കുന്ന രീതിയിൽ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, വെള്ളം സംഭരിക്കുന്ന പാത്രങ്ങൾ കൊതുകുകൾ മുട്ടയിടാതിരിക്കാനായി

വലകൾ കൊണ്ട് കെട്ടിവയ്ക്കുക, അലങ്കാര കുളങ്ങളിൽ ഗപ്പി, ഗംബൂസിയ തുടങ്ങിയ അലങ്കാര മത്സ്യങ്ങളെ വളർത്തുക, കക്കൂസിന്റെ വെന്റ് പൈപ്പുകൾ വലകൾ കൊണ്ട് കെട്ടിവയ്ക്കുക, കക്കൂസ് ടാങ്കിന്റെ സ്ലാബുകളിലെ വിടവുകൾ നികത്തുക, ഓടകളിലെ മാലിന്യങ്ങൾ നീക്കി വെള്ളം സുഗമമായി ഒഴുക്കിവിടുക തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങളാണ് കൊതുകു ജന്യരോഗങ്ങൾ തടയുന്നതിനായി സ്വീകരിക്കേണ്ടത്. കൊതുകു കടിയേൽക്കാതിരിക്കാൻ കൊതുകുവല, ലേപനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സ്വയം സംരക്ഷിക്കുവാൻ ശ്രദ്ധിക്കണം.

എച്ച് വൺ എൻ വൺ വായുവിലൂടെ പകരുന്ന വൈറൽ പനിയാണ്. പനി, ജലദോഷം, ചുമ, തൊണ്ടവേദന, ശ്വാസതടസ്സം എന്നിവ എച്ച് വൺ എൻ വൺ രോഗത്തിന്റെ ലക്ഷണമാകാം. തുടക്കത്തിൽ തന്നെ ചികിത്സിക്കുകയാണെങ്കിൽ പ്രശ്നം ഗുരുതരമാകാതെ ശ്രദ്ധിക്കാൻ സാധിക്കും. ഈ ലക്ഷണങ്ങൾ പ്രത്യേകിച്ച് ഗർഭിണികൾ, പ്രായമായവർ, ചെറിയ കുട്ടികൾ, മറ്റേതെങ്കിലും രോഗമുള്ളവർ തുടങ്ങിയവരിൽ കണ്ടാൽ ഒട്ടും വൈകാതെ ഉടൻ തന്നെ ആശുപത്രിയിൽ ചികിത്സ തേടണം. പലപ്പോഴും ഇങ്ങനെയുള്ള ലക്ഷണങ്ങൾ നിസ്സാരമായി തള്ളിക്കളയുകയും ചികിത്സ വൈകുകയും ചെയ്യുന്നതു കൊണ്ടാണ് അപകടാവസ്ഥയിൽ എത്തുന്നത്. ഇളം ചൂടുള്ള കഞ്ഞി വെള്ളം പോലെയുള്ള പാനീയങ്ങൾ കുടിക്കുന്നതിനും പോഷക സമൃദ്ധമായ ആഹാരങ്ങൾ കഴിക്കുന്നതിനും പൂർണ്ണ വിശ്രമമെടുക്കുന്നതിനും ശ്രദ്ധിക്കണം. പരമാവധി വീടിനുള്ളിൽ തന്നെ കഴിയുകയും സ്കൂൾ, ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും വേണം. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും വായ, മൂക്ക് എന്നിവ തൂവാല കൊണ്ട് മറയ്ക്കുവാനും ശ്രദ്ധിക്കണം.

## പൊതുമരാമത്തു വകുപ്പ് മന്ത്രി ജി സുധാകരൻ ഇന്ന് (ആഗസ്റ്റ് 8) ജില്ലയിൽ

പൊതുമരാമത്തു വകുപ്പ് മന്ത്രി ജി സുധാകരൻ ഇന്ന് (ആഗസ്റ്റ് എട്ട്) ജില്ലയിൽ. സെൻട്രൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ ചിലവിൽ നിർമിക്കുന്ന അഷ്ടമിച്ചിറ- അന്നമനട റോഡിന്റെ നിർമ്മാണോദ്ഘാടനം രാവിലെ 10 ന് മന്ത്രി നിർവഹിക്കും. ബി ഡി ദേവസ്സി എംഎൽഎ അധ്യക്ഷത വഹിക്കും. ബെന്നി ബെഹനാൻ എംപി മുഖ്യാതിഥിയാകും. ഇരുനൂറ്റി അറുപത്തിയാറു ലക്ഷം രൂപ ചിലവിൽ പണി പൂർത്തീകരിച്ച മേത്തല മിനി സിവിൽ സ്റ്റേഷന്റെ ഉദ്ഘാടനം തിരുവഞ്ചിക്കുളം ശിവപാർവതി മണ്ഡപത്തിൽ മന്ത്രി 11.30 ന് നിർവഹിക്കും. അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ മുഖ്യാതിഥിയാകും. വൈകീട്ട് മൂന്നിന് ഇരിങ്ങാലക്കുട മണ്ഡലത്തിൽ പണി പൂർത്തീകരിച്ച പോട്ട മൂന്നുപീടിക, പൊറത്തിശ്ശേരി മിനി സിവിൽ സ്റ്റേഷൻ, മുരിയാട് കാരൂർ കൊപ്രക്കളം, ഈസ്ററ് പഞ്ഞപ്പിള്ളി പാറേക്കാട്ടുകര, പുല്ലൂർ അപകട വളവ്, കാട്ടൂർ ഗവ. ഹോസ്പിറ്റൽ എന്നീ റോഡുകളുടെ ഉദ്ഘാടനം മന്ത്രി നിർവഹിക്കും. പ്രൊഫ. കെ യു അരുണൻ എംഎൽഎ അധ്യക്ഷത വഹിക്കും. വൈകീട്ട് നാലിന് കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡിന്റെ നിർമ്മാണോദ്ഘാടനം പാട്ടുരായ്ക്കലിൽ നിർവഹിക്കും.

## ഔഷധക്കഞ്ഞി വിതരണം ചെയ്തു

കൊടുങ്ങല്ലൂർ നഗരസഭയുടെ ആഭിമുഖ്യത്തിൽ പുല്ലൂറ്റ് ഗവ. ആയുർവ്വേദ ആശുപത്രിയിൽ പ്രതിരോധ മരുന്നുകളുടെയും ഔഷധ കഞ്ഞിയുടെയും വിതരണവും ആരോഗ്യ ബോധവൽക്കരണ ക്ളാസ്സും നടത്തി. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാറ്റിങ് കമ്മിററി ചെയർമാൻ സി.കെ.രാമനാഥൻ അദ്ധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.എൻ.രാമദാസ്, ലത ഉണ്ണികൃഷ്ണൻ, വി.ജി.സുരേഷ് ബാബു, പുഷ്പ തുടങ്ങിയവർ പ്രസംഗിച്ചു. കർക്കിടക മാസത്തിലെ ആരോഗ്യ ശീലങ്ങൾ എന്ന വിഷയത്തിൽ ചീഫ് മെഡിക്കൽ ഓഫീസർ കെ.പി.സുധീർ ബാബു ക്ളാസ്സെടുത്തു. തുടർന്ന് കർക്കിടകഞ്ഞി വിതരണം, ഔഷധ കിറ്റ് വിതരണം എന്നിവ നടന്നു.

# വായ്പക്കാരിയെ ഒഴിവാക്കി ജാമ്യക്കാരിയിൽ നിന്നും റിക്കവറി: ബാങ്കിനെതിരെ മനുഷ്യാവകാശ കമ്മീഷൻ

വായ്പയെടുത്ത ആളിനെ ഒഴിവാക്കി ജാമ്യക്കാരിയിൽ നിന്നു മാത്രം വായ്പ കുടിശിക പിടിച്ചെടുക്കുന്ന ബാങ്കിന്റെ നടപടി ശരിയല്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. വായ്പ എടുത്ത ഉദ്യോഗസ്ഥയിൽ നിന്നും വായ്പാ കുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ഉത്തരവിട്ടു. വായ്പക്കാരിയിൽ നിന്നും കുടിശിക ഈടാക്കുന്നുണ്ടെന്ന ബാങ്കിന്റെ വാദം രേഖകളുടെ അഭാവത്തിൽ കമ്മീഷൻ തള്ളി. ജല അതോ റിറ്റി ഉദ്യോഗസ്ഥ നൽകിയ പരാതിയിലാണ് നടപടി.

2012 ലാണ് സഹപ്രവർത്തകക്ക് വേണ്ടി പരാതിക്കാരി സംസ്ഥാന സഹകരണ ബാങ്കിന്റെ തൃശൂർ ശാഖയിൽ 3 ലക്ഷം രൂപയുടെ വായ്പക്ക് ജാമ്യം നിന്നത്. എന്നാൽ സഹപ്രവർത്തക വായ്പ കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തി. തുടർന്ന് ജാമ്യക്കാരിയിൽ നിന്നും കുടി ശിക ഈടാക്കാൻ തുടങ്ങി. തന്റെ ശമ്പളത്തിൽ നിന്നും കുടിശിക പിടിച്ചെടുക്കാൻ ജാമ്യക്കാരി ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബാങ്ക് കമ്മീഷനെ അറിയിച്ചു. വായ്പ തിരിച്ചടക്കാൻ വീഴ്ച വരുത്തിയാൽ കടമെടുത്ത ആളിൽ നിന്നും ജാമ്യക്കാരിൽ നിന്നും റിക്കവറി നടത്താൻ ബാങ്കിന് അധികാരമുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. എന്നാൽ വായ്പക്കാരിയിൽ നിന്നും തുക ഈടാക്കാതെ ജാമ്യക്കാരിയിൽ നിന്നും മാത്രം കുടിശിക പിടിക്കുകയാണെന്നാണ് പരാതി. ബാങ്കിന്റെ നടപടി നീതിയുക്തമല്ലെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഇത് മനുഷ്യത്വ പരമല്ല. വായ്പക്കാരി നിലവിൽ ശമ്പളം കൈപ്പറ്റുന്നുണ്ട്. വായ്പക്കാരിയിൽ നിന്നും ജാമ്യക്കാരി യിൽ നിന്നും റിക്കവറി നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.ബാങ്കിൽ അടക്കാനുള്ള തുക തുച്ഛ മാണെങ്കിൽ ജാമ്യക്കാരിയെ ഒഴിവാക്കി വായ്പക്കാരിയിൽ നിന്നും ഈടാക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

# നല്ല പുസ്തകങ്ങൾ നല്ല അധ്യാപകരാണ്: ഡോ. ഷീല വിശ്വനാഥ്

നല്ല പുസ്തകങ്ങൾ നല്ല അധ്യാപകരാണെന്ന് സാഹിത്യകാരി ഡോ. ഷീല വിശ്വനാഥ്. പ്രാദേശികഭാഷാഭേദങ്ങളെക്കൂടി ഉൾപ്പെടുന്നതാണ് യഥാർത്ഥ മലയാളം. അതിനെ ഉൾക്കൊള്ളാൻ മികച്ച സാഹിത്യത്തിനാവും. അവർ പറഞ്ഞു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്ര ചിറ്റിലപ്പിള്ളി ഐ ഇ എസ് പബ്ലിക് സ്കൂളിലെ ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോടു സംസാരിക്കുകയായിരുന്നു അവർ. ഐ ഇ എസ് വൈസ് പ്രസിഡന്റ് നബീൽ ടി കെ അദ്ധ്യക്ഷനായിരുന്നു.സ്കൂൾ പ്രിൻസിപ്പാൾ ലത പ്രകാശ്, അക്കാദമിക് ഹെഡ് ലത ജി മേനോൻ, ഹൈസ്കൂൾ പ്രധാന അധ്യാപിക രാജി ഒ എ, വൈസ് പ്രിൻസിപ്പൾമാരായ ബീന എസ് എൻ, ഷീല വർഗ്ഗീസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ കം ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു.